**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – കണ്ണൂർ ജില്ല – അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്- രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി-ദാനാധാരം രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം./315/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/02/2018

പരാമർശം:- 1. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2017 ലെ അപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 31/10/2017 ലെ ജെ2-29486/17 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള 4 3 വീടുകളിൽ അനധികൃതമായി താമസിച്ചുവരുന്ന 40കുടുംബങ്ങൾക്ക് ടി വീടുകൾ അനുവദിച്ചുനൽകുന്നതിന് കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡ് തീരുമാനിച്ചുവെന്നും ഇതിൽ ജനറൽ വിഭാഗത്തിൽപ്പെട്ട 1 4 കുടുംബങ്ങൾക്ക് ആധാരം രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ള ചെലവ് തനത് ഫണ്ടിൽനിന്നും വഹിക്കാൻ അയ്യൻകുന്ന്ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിലേക്കുള്ള തുക അനുവദിക്കാൻ അനുമതിക്കായി പരാമർശം (1) പ്രകാരം അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയും പരാമർശം ( 2 ) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുമുണ്ടായി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിലുള്ള 1 4 കുടുംബങ്ങൾക്ക് ദാനാധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള തുകയായ 1,19,000/- (ഒരു ലക്ഷത്തി പത്തൊമ്പതിനായിരം രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

പ്രസിഡന്റ്, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്, അങ്ങാടിക്കടവ് പി.ഒ, കണ്ണൂർ - 670706
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ